(ബി) ഇക്കോ കയർ വില്ലേജിന്റെ ശിലാസ്ഥാപന കർമ്മം ഹരിപ്പാട് നടത്തിയിരുന്നു. ഉത്ഘാടന കർമ്മത്തിനും അതിനോടനുബന്ധിച്ചുള്ള പരസ്യത്തിനുമായി 5.50 ലക്ഷം രൂപ ചെലവായി.

(സി) ഈ പദ്ധതിക്കുവേണ്ടി ശിലാസ്ഥാപനം നടത്തിയ ഭൂമി സ്വകാര്യ ഭൂമിയായിരുന്നു.

(ഡി) ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന ഭൂമി കയർഫെഡ് നികത്തിയിട്ടില്ല.

(ഇ) ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാൻ ഭൂമി കണ്ടെത്തുകയുണ്ടായി.

(എഫ്) പ്രസ്തുത സ്ഥലത്തിന്റെ ഉടമ സ്ഥലം വിൽക്കുകയുണ്ടായെന്ന് പത്ര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

(ജി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ വകുപ്പ് സ്പെഷ്യൽ ഓഡിറ്റും നടത്തിയിട്ടുണ്ട്. ഓഡിറ്റു റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകളിൻമേൽ കേരള സഹകരണ നിയമം സെക്ഷൻ 65 പ്രകാരം എൻക്വയറി നടത്തുവാൻ രജിസ്ട്രാർ കൂടിയായ കയർ വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എച്ച്) അന്ന് കയർഫെഡ് പ്രസിഡന്റ് ശ്രീ. ടി. കെ. ദേവകുമാർ ആയിരുന്നു.

കയർഫെഡ് എം.ഡി.-യുടെയും ചെയർമാന്റെയും വിദേശയാത്രാ ചെലവ്

98 [436] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ എം.ഡി.-യും ചെയർമാനും എത്രതവണ വിദേശപര്യടനത്തിനു പോയിട്ടുണ്ടെന്നു പറയാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളാണ് ഇവർ സന്ദർശിച്ചത്;

(സി) വിദേശ പര്യടനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തായിരുന്നു;

(ഡി) ഇതിനായി ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ ഓരോരുത്തരും ടി. എ., ഡി. എ. ഇനത്തിൽ വാങ്ങിയ തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ എം.ഡി.-യും ചെയർമാനും 5 തവണ വിദേശപര്യടനത്തിനു പോയിട്ടുണ്ട്. രണ്ടു വർഷങ്ങളിൽ ജർമ്മനിയിലെ ഹാൻഓവറിൽ നടത്തി വരുന്ന ഡെമോടെക്സ് ഇന്റർനാഷണൽ എക്സിബിഷനിലും ഒരു പ്രാവശ്യം കാനഡയിലെ ടൊറാൻഡോയിൽ നടന്ന കനേഡിയൻ നാഷണൽ എക്സിബിഷനിലും പങ്കെടുത്തിട്ടുണ്ട്. കൂടാതെ രണ്ടുതവണ ദുബായിയും സന്ദർശിച്ചിട്ടുണ്ട്.

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണനം നടത്തുക എന്നുള്ളതായിരുന്നു. വിദേശ പര്യടനത്തിന്റെ ഉദ്ദേശ ലക്ഷ്യം. യാത്രയുടെ ഫലമായി എക്സ്പോർട്ട് പുനരാരംഭിക്കുവാനും ദുബായിലെ രണ്ട് ബിസിനസ്സ് ഏജൻസികളുമായി യോജിച്ച് കയറിന്റെ വിപണനം നടത്തുവാനും സാധിച്ചിട്ടുണ്ട്.

(ഡി) & (ഇ) ആകെ 1207370 രൂപ ചെലവഴിച്ചതിൽ ടി. എ., ഡി. എ. ഇനത്തിൽ പ്രസിഡന്റിന് 216890 രൂപയും മാനേജിംഗ് ഡയറക്ടർക്ക് 196890 രൂപയും ചെലവഴിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിത്ത് ബിൽ

99 [438] *ശ്രീ. എ. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിത്ത് ബിൽ കേരളത്തിലെ കാർഷിക മേഖലയിൽ ഉളവാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്ത നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിത്തുബില്ലിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു മുന്നംഗ വർക്കിംഗ് ഗ്രൂപ്പിനെ സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly